പട്ടികജാതി/പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് കൂടുതൽ ഉദാരമാക്കിയ പദ്ധതി അനുസരിച്ച് പലിശരഹിത വായ്പയും ഗ്രാന്റും നൽകുന്നു.

(ബി)&(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള ചെലവ്

24 (1365)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും പുനരുജ്ജീവിപ്പിക്കാനും വേണ്ടി എത്ര കോടി രൂപ വീതമാണ് ഓരോ വർഷവും ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത് എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ മുതൽമുടക്ക്

25 (1366)ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് എന്ത് മുതൽമുടക്ക് നടത്തിയിട്ടുണ്ട്;

(ബി) ഇത് അതതു വർഷം കേന്ദ്ര ഗവൺമെന്റ് നടത്തിയിട്ടുള്ള ഒട്ടാകെ മുതൽമുടക്കിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് നിക്ഷേപം 1996-97-ൽ 601.74 കോടി രൂപയും 97-98 ൽ 724.04 കോടി രൂപയും ആയിരുന്നു. 98-99, 99-2000 വർഷങ്ങളിലെ കണക്ക് ലഭ്യമല്ല.

(ബി) അതത് വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 2.14 ശതമാനവും, 2.39 ശതമാനവും വീതമായിരുന്നു.

കാർബൺ ബ്ലാക്ക് കമ്പനിയിലെ സമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി

26 (1367)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ കരിമുകളിൽ ഉള്ള കാർബൺ ബ്ലാക്ക് കമ്പനിയിൽ രണ്ടുമാസത്തിലധികമായി തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്ക്

LIBRARY ARCHIVES Kerala Legislative Assembly

സമരം വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒത്തു തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

കാർബൺ ബ്ലാക്ക് കമ്പനിയിൽ രണ്ടുമാസത്തിലധികമായി തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്ക് സമരം ഒത്തു തീർപ്പാക്കുന്നതിനുള്ള ചർച്ചകൾ റീജിയണൽ ലേബർ കമ്മീഷണറുമായി നടന്നുവരുന്നു. മന്ത്രിതലത്തിൽ ചർച്ചകൾ ആവശ്യമെന്ന് കണ്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മൈലത്ത് വ്യവസായം തുടങ്ങാൻ നടപടി

27 (1368)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മൈലം എന്ന സ്ഥലത്ത് വ്യവസായം തുടങ്ങുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് ഇതുവരെ എത്ര വ്യവസായ സംരംഭകർ സന്ദർശിച്ചിട്ടുണ്ട്;

(ബി) ഇവിടെ വ്യവസായം തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥലത്തുനിന്നുമുള്ള ആദായം സംരക്ഷിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുതിയ സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ ഈ സ്ഥലത്ത് എന്തെങ്കിലും വ്യവസായം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തു വ്യവസായം എന്നറിയിക്കുമോ;

(എഫ്)മൈലം ഭൂമിയിൽ വ്യവസായം തുടങ്ങുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)കൊക്കോകോള ബോട്ട്ലിംഗ് പ്ലാന്റിനുവേണ്ടിയും, കുവൈറ്റിലെ ഗോൾഡൻ ഫ്രൈസിനു വേണ്ടിയും വ്യവസായ സംരംഭകർ സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കിൻഫ്ര ഏറ്റെടുത്ത 12 ഏക്കർ സ്ഥലത്ത് തെങ്ങിൽനിന്നുള്ള ആദായം എടുക്കുന്നതിനുവേണ്ടിയുള്ള അവകാശം പത്ര പരസ്യത്തിലൂടെ കിൻഫ്ര ടെണ്ടർ വിളിച്ച് നൽകിയിട്ടുണ്ട്.

(ഡി)-(എഫ്) മൈലത്ത് വ്യവസായ സംരംഭകരെക്കൊണ്ട് വ്യവസായങ്ങൾ തുടങ്ങിക്കുന്നതിനുള്ള ശ്രമം കിൻഫ്ര നടത്തിവരുന്നു.

പ്രഭുറാം മില്ലിന്റെ പ്രവർത്തനം

28 (1369)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly